ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1112

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

## സൂക്തം: 171 – 182

ദൈവദൂതന്മാർ ശത്രുക്കൾക്കെതിരെ സഹായിക്കപ്പെടും എന്ന സന്ദേശം പ്രവാചകന് തന്റെ ദൗത്യത്തിൽ ശുഭപ്രതീക്ഷയും ആത്മവിശ്വാസവും പകരുന്നതാണ്. ദൈവദൂതന്മാർക്കു മാത്രമല്ല, അവരുടെ ശിഷ്യന്മാർക്കും പിൽക്കാല പ്രബോധകർക്കും കൂടിയുള്ളതാണീ സഹായ വാഗ്ദാനം. അവരെ അല്ലാഹു എന്നും പരാജിതരും പതിതരുമായി ഉപേക്ഷിക്കുകയില്ല. ഇടക്കാലത്ത് എത്രയൊക്കെ പീഡിതരും പരാജിതരുമായിരുന്നാലും അന്തിമവിജയം അവർക്കു തന്നെയായിരിക്കും.

وَلَقَدْ سَبَقَتْ كَلِمَتُنَا لِعِبَادِنَا ٱلْمُرْسَلِينَ ﴿١٧١﴾

171. നമ്മുടെ ദൈവദൂതന്മാരായ ദാസന്മാർക്ക് നാം പണ്ടേ വിധിച്ചിട്ടുള്ളതാകുന്നു;

إِنَّهُمْ لَهُمُ ٱلْمَنصُورُونَ ﴿١٧٢﴾

172. എന്തെന്നാൽ തീർച്ചയായും അവർ സഹായിക്കപ്പെടുമെന്ന്,

وَإِنَّ جُندَنَا لَهُمُ ٱلْغَٰلِبُونَ ﴿١٧٣﴾

173. അന്തിമ ജേതാക്കൾ നമ്മുടെ സൈന്യം തന്നെയായിരിക്കുമെന്നും.

**171–173**

| | |
|---|---|
| وَلَقَدْ سَبَقَتْ كَلِمَتُنَا | നമ്മുടെ വചനം മുൻകടന്നിരിക്കുന്നു (പണ്ടേ നാം വിധിച്ചിട്ടുള്ളതാകുന്നു) |
| لِعِبَادِنَا الْمُرْسَلِينَ | നമ്മുടെ ദൈവദൂതന്മാരായ ദാസന്മാർക്ക് |
| إِنَّهُمْ لَهُمُ | എന്തെന്നാൽ തീർച്ചയായും അവർ |
| الْمَنصُورُونَ | സഹായിക്കപ്പെടു(മെന്ന്)ന്നവരെന്ന് |
| وَإِنَّ جُندَنَا | നമ്മുടെ സൈന്യം |
| لَهُمُ | അവർ തന്നെയായിരിക്കും |
| الْغَالِبُونَ | (അന്തിമ) ജേതാക്കൾ (എന്നും) |

ദൈവദൂതന്മാരെ ധിക്കരിച്ചും ദ്രോഹിച്ചും, അധർമത്തിന്റെയും അതിക്രമത്തിന്റെയും പാതയിലൂടെ മുന്നേറുന്ന ജനതകളോട് അല്ലാഹുവിന് ഒരു സ്ഥിരം നടപടിക്രമമുണ്ട്. അത് വ്യക്തമാക്കുകയാണീ സൂക്തങ്ങൾ. മുന്നാലെ സംഭവിക്കലും മറ്റുള്ളവരുടെ മുന്നിലെത്തലുമാണ് سَبْق. വചനമാണ് كلمة. ഉത്തരവ്, തീരുമാനം, വാഗ്ദാനം, പ്രതിജ്ഞ, സാക്ഷിമൊഴി തുടങ്ങിയ ആശയങ്ങളിലും ഉപയോഗിക്കുന്നു. سَبَقَتْ كَلِمَتُنَا لِعِبَادِنَاഎന്നതിന്റെ ആശയം നമ്മുടെ ദാസന്മാരോട് നേരത്തേ വാഗ്ദാനം ചെയ്തു എന്നാവാം. തീരുമാനിച്ചിരിക്കുന്നു, വിധിച്ചിരിക്കുന്നു എന്നുമാവാം. ഏതർഥം കൽപിച്ചാലും മുർസലുകളുടെ കാര്യത്തിൽ അല്ലാഹു പണ്ടേ തുടർന്നുവരുന്ന ഒരു നടപടിക്രമമുണ്ട് എന്നാണ് സാരം. പൈശാചിക ശക്തികൾക്കെതിരെ അവരെ സഹായിക്കുക എന്നതാണത്. ഒരു ദൈവദൂതനെയും അനന്തകാലം പന്താടാനും പീഡിപ്പിക്കാനും ദുഷ്ടശക്തികൾക്ക് വിട്ടുകൊടുക്കുകയില്ല. താൽക്കാലികമായ പരീക്ഷണങ്ങളും പീഡനങ്ങളും തീർച്ചയായും ഉണ്ടാകും. ഒടുവിൽ ദൈവദൂതന്മാരുടെ പ്രസ്ഥാനം അതെല്ലാം തരണം ചെയ്ത് ലക്ഷ്യം പ്രാപിക്കും. അല്ലെങ്കിൽ ദൈവദൂതനെ ആ ദുഷ്ടസമൂഹത്തിൽനിന്ന് മോചിപ്പിക്കുകയും സമൂഹത്തെ നശിപ്പിച്ചുകളയുകയും ചെയ്യും. ചരിത്രത്തിൽ ഇതിന് നിരവധി ഉദാഹരണങ്ങൾ കാണാം. നാശോന്മുഖമായ ഒരു സമൂഹത്തിനു രക്ഷപ്പെടാൻ നൽകപ്പെടുന്ന അവസാനത്തെ അവസരമാണ് ദൈവദൂതന്റെ ആഗമനം. അദ്ദേഹത്തെ തള്ളിപ്പറഞ്ഞ് ആ അവസരവും പാഴാക്കി ദുർമാർഗത്തിൽ മുന്നേറുന്നവർ നാശഗർത്തത്തിൽ ചെന്നു പതിക്കുക അനിവാര്യമാകുന്നു. മുർസലുകളുടെ സമൂഹം രക്ഷിക്കപ്പെടുന്നത് മുർസലുകൾക്ക് ലഭിക്കുന്ന ദൈവാനുഗ്രഹവും സഹായവുമാകുന്നു. പ്രവാചക സമുദായം ശിക്ഷിക്കപ്പെടുകയാണെങ്കിൽ പ്രവാചകനും ശിഷ്യന്മാരും ആ

ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നത് അവർക്കു ലഭിക്കുന്ന ദൈവാനുഗ്രഹവും വിജയവുമാകുന്നു.

ദൈവദൂതന്മാർ ശത്രുക്കൾക്കെതിരെ സഹായിക്കപ്പെടും എന്ന സന്ദേശം പ്രവാചകന് തന്റെ ദൗത്യത്തിൽ ശുഭപ്രതീക്ഷയും ആത്മവിശ്വാസവും പകരുന്നതാണ്. ദൈവദൂതന്മാർക്കു മാത്രമല്ല, അവരുടെ ശിഷ്യന്മാർക്കും പിൽക്കാല പ്രബോധകർക്കും കൂടിയുള്ളതാണീ സഹായവാഗ്ദാനം. അവരെ അല്ലാഹു എന്നും പരാജിതരും പതിതരുമായി ഉപേക്ഷിക്കുകയില്ല. ഇടക്കാലത്ത് എത്രയൊക്കെ പീഡിതരും പരാജിതരുമായിരുന്നാലും അന്തിമവിജയം അവർക്കു തന്നെയായിരിക്കും.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വിജയത്തിനു പല മാനങ്ങളുണ്ട്. സായുധ സംഘട്ടനത്തിൽ നേടുന്ന മേൽക്കൈ അതിൽ ഒന്നു മാത്രമാണ്. പ്രതിയോഗികളുടെ വൈജ്ഞാനികവും നൈയാമികവുമായ വെല്ലുവിളികളെ നേരിട്ട് വിജയിക്കുന്നത് മറ്റൊരു മാനമാണ്. ക്ഷേമപൂർണമായ സാമൂഹികനീതിക്കുവേണ്ടി അവതരിപ്പിക്കപ്പെടുന്ന അനിസ്‌ലാമിക സാമ്പത്തിക സിദ്ധാന്തങ്ങൾ പരാജയപ്പെടുമ്പോൾ ഇസ്‌ലാമിക സാമ്പത്തിക സിദ്ധാന്തങ്ങൾക്ക് അതു സാധ്യമാകുന്നതും വലിയ വിജയം തന്നെയാണ്. جُند സൈന്യമാണ്. അല്ലാഹുവിന്റെ ജുൻദിൽ ജിന്നിലും മനുഷ്യരിലും പെട്ട സത്യവിശ്വാസികളും മലക്കുകളും ഉൾപ്പെടുന്നു. സാമൂഹിക മണ്ഡലത്തിലായാലും വൈജ്ഞാനിക മണ്ഡലത്തിലായാലും സാമ്പത്തിക-രാഷ്ട്രീയ മണ്ഡലങ്ങളിലായാലും ദൈവിക ദീനിന്റെ വിജയത്തിനുവേണ്ടി പ്രയത്നിക്കുന്നവർ ആ രംഗത്ത് സമരം ചെയ്യുന്ന ഭടന്മാരാണ്. അവരെ അല്ലാഹുവിന്റെ കക്ഷി-പാർട്ടി എന്നും ഖുർആൻ വിശേഷിപ്പിച്ചിട്ടുണ്ട്. أُولَٰئِكَ حِزْبُ اللَّهِ ۚ أَلَا إِنَّ حِزْبَ اللَّهِ هُمُ الْمُفْلِحُونَ (അത്തരക്കാർ അല്ലാഹുവിന്റെ കക്ഷിയത്രെ. അറിയുക, അല്ലാഹുവിന്റെ കക്ഷി തീർച്ചയായും വിജയിക്കുന്നവരാകുന്നു - 58:22). ഈ സൂക്തത്തിനു തൊട്ടുമുമ്പ് ദൈവദൂതന്മാരുടെ വിജയം ഇപ്രകാരം ഊന്നിപ്പറയുന്നുണ്ട്: كَتَبَ اللَّهُ لَأَغْلِبَنَّ أَنَا وَرُسُلِي (ഞാനും എന്റെ ദൂതന്മാരും തീർച്ചയായും അതിജയിക്കുമെന്ന് അല്ലാഹു രേഖപ്പെടുത്തിവെച്ചിരിക്കുന്നു).

إِنَّا لَنَنصُرُ رُسُلَنَا وَالَّذِينَ آمَنُوا فِي الْحَيَاةِ الدُّنْيَا وَيَوْمَ يَقُومُ الْأَشْهَادُ

(നാം നമ്മുടെ ദൂതന്മാരെയും സത്യധർമങ്ങൾ കൈക്കൊണ്ടവരെയും ഈ ഭൗതിക ജീവിതത്തിലും സാക്ഷികൾ മൊഴി നൽകാൻ എഴുന്നേൽക്കുന്ന ദിനത്തിലും തീർച്ചയായും സഹായിക്കുന്നതാകുന്നു - 40:51). 30:47-ൽ وَكَانَ حَقًّا عَلَيْنَا نَصْرُ الْمُؤْمِنِينَ (സത്യവിശ്വാസികളെ സഹായിക്കുക നമ്മുടെ കടമയാകുന്നു) എന്നും പറയുന്നുണ്ട്.

അല്ലാഹുവിന്റെ സഹായ വാഗ്ദാനവും വിജയ സുവിശേഷവും നിരുപാധികം സഫലമാകുന്നതല്ല. അതിനു കർശനമായ ചില ഉപാധികൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അചഞ്ചലവും അകളങ്കവുമായ സത്യവിശ്വാസമാണ് മുഖ്യഉപാധി. ഖുർആനിനോടും സുന്നത്തിനോടുമുള്ള കലവറയില്ലാത്ത വിധേയത്വമാണ് മറ്റൊന്ന്. ദൈവിക ദീനിനോട്, ജീവിതധർമം എന്ന നിലയിലും നിയമസംഹിത എന്ന നിലയിലും പ്രായോഗിക ജീവിതക്രമം എന്ന നിലയിലുമെല്ലാം പ്രതിബദ്ധനായിരിക്കണം സത്യവിശ്വാസി. അതോടൊപ്പം ദീനീമാർഗത്തിൽ ഉയർന്നുവരുന്ന പ്രതിബന്ധങ്ങളും പ്രയാസങ്ങളും സ്ഥൈര്യത്തോടെ, ക്ഷമയോടെ നേരിടാനും പ്രതിജ്ഞാബദ്ധനുമായിരിക്കണം. ഇതൊന്നുമില്ലാതെ ഞാൻ വിശ്വാസിയാണ് എന്ന് വാചാ ഘോഷിച്ചതുകൊണ്ടു മാത്രം വിജയം ലഭിക്കുകയില്ല. ഇക്കാര്യം ഖുർആൻ അസന്ദിഗ്ധമായ ഭാഷയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്: إِن تَنصُرُوا اللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ (നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്നുവെങ്കിൽ അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിക്കുകയും ചെയ്യും - 47:7).

أَمْ حَسِبْتُمْ أَن تَدْخُلُوا الْجَنَّةَ وَلَمَّا يَعْلَمِ اللَّهُ الَّذِينَ جَاهَدُوا مِنكُمْ وَيَعْلَمَ الصَّابِرِينَ

(സ്വർഗത്തിലങ്ങു കടന്നുകളയാമെന്ന് വിചാരിക്കുന്നുവോ; നിങ്ങളിൽ യഥാർഥത്തിൽ ജിഹാദ് ചെയ്യുന്നവരാരെന്നും സ്ഥൈര്യമുള്ളവരാരെന്നും അല്ലാഹു കണ്ടറിഞ്ഞിട്ടില്ലെന്നിരിക്കെ? - 3:142).

أَحَسِبَ النَّاسُ أَن يُتْرَكُوا أَن يَقُولُوا آمَنَّا وَهُمْ لَا يُفْتَنُونَ

(ജനം ധരിച്ചുവെച്ചിരിക്കുകയാണോ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നു ഘോഷിക്കുന്നതുകൊണ്ടു മാത്രം വിട്ടയക്കപ്പെടുമെന്ന്; അവർ പരീക്ഷിക്കപ്പെടാതെ). മുഅ്മിൻ എന്നും മുസ്‌ലിം എന്നും സ്വയം അവകാശപ്പെടുന്നതുകൊണ്ടു മാത്രം ആരും അല്ലാഹുവിന്റെ അനുഗ്രഹത്തിനും സഹായത്തിനും അവകാശികളാകുന്നില്ല. തങ്ങളുടെ ഈമാൻ സുദൃഢവും നിസ്വാർഥവുമാണെന്ന്, പ്രതിലോമശക്തികളെ സ്ഥൈര്യത്തോടെ നേരിടുന്നതിലൂടെയും ക്ലിഷ്ടമായ സേവനങ്ങളർപ്പിക്കുന്നതിലൂടെയും ത്യാഗങ്ങളനുഷ്ഠിക്കുന്നതിലൂടെയും തെളിയിക്കേണ്ടതുണ്ട്. അങ്ങനെ തെളിയിക്കപ്പെട്ട സന്ദർഭങ്ങളിൽ പ്രവാചകനും വിശ്വാസികൾക്കും അല്ലാഹുവിന്റെ അദൃശ്യമായ സഹായം ലഭിച്ചതിന്റെയും ജയം ലഭിച്ചതിന്റെയും മികച്ച ഉദാഹരണങ്ങളിലൊന്നാണ് ബദ്ർ യുദ്ധം. ●

---

فَتَوَلَّ عَنْهُمْ حَتَّىٰ حِينٍ ﴿١٧٤﴾
وَأَبْصِرْهُمْ فَسَوْفَ يُبْصِرُونَ ﴿١٧٥﴾

174. ആകയാൽ കുറച്ചുകാലം അവരെ അവഗണിക്കുക.

175. നീ അവരെ നോക്കിക്കൊണ്ടിരിക്കുക. താമസിയാതെ അവരും കാണുന്നുണ്ട്.

**174,175**

فَتَوَلَّ عَنْهُمْ = അവ(രെ അവഗണിക്കുക)രിൽനിന്ന് പിന്തിരിയുക حَتَّىٰ حِينٍ = കുറച്ചു കാലം വരെ

وَأَبْصِرْهُمْ = നീ അവരെ നോക്കിക്കൊണ്ടിരിക്കുക فَسَوْفَ يُبْصِرُونَ = താമസിയാതെ അവരും കാണുന്നുണ്ട്

മുൻസൂക്തങ്ങളിൽ സൂചിപ്പിച്ച ദൈവിക സഹായവും വിജയവും ഉടനെ പ്രത്യക്ഷപ്പെടാത്തതിനാൽ പ്രവാചകനും വിശ്വാസികളും വിഷമിക്കേണ്ടതില്ലെന്നും അതൊക്കെ അല്ലാഹു നിശ്ചയിച്ച സമയമാകുമ്പോൾ സംഭവിച്ചുകൊള്ളുമെന്നും സമാശ്വസിപ്പിക്കുകയാണീ സൂക്തങ്ങൾ. അവരിൽനിന്ന് പിന്തിരിയുക -تَوَلَّ عَنْهُمْ- എന്നതിന്റെ താൽപര്യം അവരുടെ ദ്രോഹങ്ങളും കുത്സിത നടപടികളും അവഗണിക്കുക എന്നാണ്. സമയവും കാലവുമാണ് حِين. ചെറിയ കാലയളവിനെയും ഒരു കാര്യം സംഭവിക്കുന്ന സന്ദർഭത്തെയും കുറിക്കാനാണ് حِين സാധാരണ ഉപയോഗിക്കുക. ദൈവിക സഹായവും വിജയവും വന്നെത്തുന്ന സന്ദർഭത്തിന് കുറച്ചുകാലം കാത്തിരിക്കുക എന്നാണ്

حَتَّىٰ حِينٍ-ന്റെ താൽപര്യം. ഈ കാലം കൊണ്ട് സൂചിപ്പിക്കുന്നത് ബദ്ർ യുദ്ധത്തിന്റെ കാലമാണെന്ന് മിക്ക ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു. അന്നാണല്ലോ ഖുറൈശികളുടെ വൻ പടയോട് ഏറ്റുമുട്ടിയ കൊച്ചു മുസ്‌ലിം സൈന്യം അല്ലാഹുവിന്റെ അദൃശ്യമായ സഹായത്താൽ ഐതിഹാസികമായ വിജയം നേടിയത്. ആ ഇടവേളയിൽ പ്രതിയോഗികളുടെ നീക്കങ്ങളും പദ്ധതികളും നിരീക്ഷിച്ചുകൊണ്ടിരിക്കുക. അവരുടെ അക്രമവും ധർമധിക്കാരവും പരമകാഷ്ഠയിലെത്തിയാൽ തീർച്ചയായും തിരിച്ചടിയുണ്ടാകും. തങ്ങൾ അതിദയനീയമായി തിരിച്ചടിക്കപ്പെട്ടിരിക്കുന്നതും മുളയിലേ ചവിട്ടിയരക്കാൻ തങ്ങൾ ശ്രമിച്ച ദീനുൽ ഇസ്‌ലാം അതിശീഘ്രം ലോകമെങ്ങും പ്രചരിക്കുന്നതും അധികം വൈകാതെ അവർ കാണാൻ പോകുന്നു. ●

---

أَفَبِعَذَابِنَا يَسْتَعْجِلُونَ ﴿١٧٦﴾
فَإِذَا نَزَلَ بِسَاحَتِهِمْ فَسَاءَ صَبَاحُ الْمُنذَرِينَ ﴿١٧٧﴾
وَتَوَلَّ عَنْهُمْ حَتَّىٰ حِينٍ ﴿١٧٨﴾
وَأَبْصِرْ فَسَوْفَ يُبْصِرُونَ ﴿١٧٩﴾

176. നമ്മുടെ ശിക്ഷക്കു വേണ്ടിയോ അവർ ധൃതികൂട്ടുന്നത്?

177. അത് അവരുടെ അങ്കണത്തിലിറങ്ങിയാൽ, അന്ന് മുന്നറിയിപ്പു ലഭിച്ചവരുടേത് മഹാ ദുഷ്പ്രഭാതം തന്നെയായിരിക്കും.

178. ആകയാൽ കുറച്ചുകാലം അവരെ അവഗണിക്കുക.

179. നീ അവരെ നോക്കിക്കൊണ്ടിരിക്കുക, താമസിയാതെ അവരും കാണുന്നുണ്ട്.

**176-179**

أَفَبِعَذَابِنَا = നമ്മുടെ ശിക്ഷ കൊണ്ടോ (ശിക്ഷക്കു വേണ്ടിയോ)
يَسْتَعْجِلُونَ = അവർ ധൃതി കൂട്ടുന്നത് فَإِذَا نَزَلَ بِسَاحَتِهِمْ = അത് അവരുടെ അങ്കണത്തിലിറങ്ങിയാൽ
فَسَاءَ صَبَاحُ الْمُنذَرِينَ = അപ്പോൾ (അന്ന്) മുന്നറിയിപ്പു ലഭിച്ചവരുടേത് മഹാ ദുഷ്പ്രഭാതം തന്നെയായിരിക്കും
وَتَوَلَّ عَنْهُمْ = അവ(രെ അവഗണിക്കുക)രിൽനിന്ന് പിന്തിരിയുക حَتَّىٰ حِينٍ = കുറച്ചു കാലം വരെ
وَأَبْصِرْ = നീ അവരെ നോക്കിക്കൊണ്ടിരിക്കുക فَسَوْفَ يُبْصِرُونَ = താമസിയാതെ അവരും കാണുന്നുണ്ട്

അല്ലാഹുവിനെയും അവന്റെ ദൂതനെയും നിഷേധിച്ചുകൊണ്ട് അസത്യവും അധർമവും ആചരിക്കുന്നവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശിക്ഷിക്കുമെന്ന് താക്കീതു ചെയ്യുമ്പോൾ അവിശ്വാസികൾ തികഞ്ഞ ധാർഷ്ട്യത്തോടെ പുഛിച്ചുതള്ളുമായിരുന്നു. എല്ലാ പ്രവാചകന്മാർക്കും ഈ പുഛവും പരിഹാസവും നേരിടേണ്ടിവന്നിട്ടുണ്ട്. ധിക്കാരികൾ പറയും: ائْتِنَا بِعَذَابِ اللَّهِ (എങ്കിൽ അപ്പറയുന്ന ദൈവിക ശിക്ഷയൊന്നിങ്ങ് കൊണ്ടു വന്നാട്ടെ - 29:29), فَأْتِنَا بِمَا تَعِدُنَا إِن كُنتَ مِنَ الصَّادِقِينَ (നീ ഞങ്ങളെ ഭീഷണിപ്പെടുത്തുന്നത് യാഥാർഥ്യമാക്കിക്കാണിക്ക്; നീ സത്യവാനെങ്കിൽ -11:32). مَتَىٰ هَٰذَا الْوَعْدُ(എപ്പോഴാണീ ഭീഷണി പുലരുക? -36:48), مَتَىٰ هَٰذَا الْفَتْحُ (നിങ്ങൾ പറയുന്ന ഈ വിജയം എപ്പോഴാണുണ്ടാവുക? -32:28). ഖുർആന്റെ ഉപരിസൂചിത താക്കീത് കേട്ടപ്പോൾ ഖുറൈശികളും അതു തന്നെ ചോദിച്ചു. ഈ ചോദ്യകർത്താക്കൾ അല്ലാഹുവിന്റെ അസ്തിത്വം നിഷേധിക്കുന്നവരല്ല, പ്രപഞ്ചസ്രഷ്ടാവും പാലകനുമായ ഒരു മഹാശക്തി- അല്ലാഹു- ഉണ്ടെന്ന് അംഗീകരിക്കുന്നവരാണ്. അങ്ങനെ ഒരു ശക്തിയുണ്ടെങ്കിൽ ആ ശക്തിക്ക് അവന്റെ സൃഷ്ടികളെ രക്ഷിക്കാനും ശിക്ഷിക്കാനും കഴിയുമെന്ന് സാമാന്യ ബുദ്ധികൾക്ക് അനായാസം മനസ്സിലാകുന്നതാണ്. അതിനാൽ അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് കേൾക്കുമ്പോൾ അതിന്റെ സാധ്യത അംഗീകരിച്ച് അതിനെ ഭയപ്പെടുകയും അതു വരികയാണെങ്കിൽ രക്ഷപ്പെടാനുള്ള മാർഗം അന്വേഷിക്കുകയുമാണ് പ്രജ്ഞയുള്ളവർ ചെയ്യുക. അതിനുപകരം അതിങ്ങ് വേഗം വരട്ടെ എന്നു ധൃതിപ്പെടുന്നത് എന്തുമാത്രം ഗുരുതരമായ മൗഢ്യവും അവിവേകവുമാണ്!

താക്കീതു ചെയ്യപ്പെട്ടവരിൽ ദൈവിക ശിക്ഷ വന്നുഭവിക്കുന്നതിനെ ശത്രുസൈന്യത്തിന്റെ പെട്ടെന്നുള്ള കടന്നാക്രമണത്തോടുപമിച്ച് വർണിച്ചിരിക്കുകയാണ് فَإِذَا.... الْمُنذَرِينَ എന്ന വാക്യം. മുന്നറിയിപ്പുണ്ടായിരുന്നിട്ടും മാറ്റാൻ പട സ്വന്തം വീട്ടുമുറ്റത്തെത്തുന്ന ദിനം മഹാ ദുർദിനം തന്നെയാണ്. فَسَاءَ صَبَاحُ الْمُنذَرِينَ എന്നാണ് മൂലവാക്യം. ശത്രുക്കളുടെ ആവാസകേന്ദ്രത്തിൽ അതിരാവിലെ കടന്നുകയറി അക്രമിക്കുകയാണ് അറബികളുടെ ഗോത്ര യുദ്ധരീതി. ഗോത്രം ഉണർന്നെഴുന്നേറ്റ് പ്രത്യാക്രമണം സംഘടിപ്പിക്കുമ്പോഴേക്കും അക്രമികൾ നന്നായി കൊള്ളയും കൊലയും നടത്തി കൈയിൽ കിട്ടിയവരെ ബന്ധനസ്ഥരാക്കി തിരിച്ചോടും. അക്രമിക്കപ്പെടാൻ സാധ്യതയുള്ള ഗോത്രം അക്രമികളുടെ ആഗമനം നിരീക്ഷിക്കാൻ മുന്നറിയിപ്പുകാരെ നിയോഗിച്ചിട്ടുണ്ടാവും. അക്രമികൾ വരുന്നതു കണ്ടാൽ മുന്നറിയിപ്പുകാരൻ ഉയർന്ന സ്ഥലത്ത് കയറി നഗ്നനായി നിന്ന് 'വാ സ്വബാഹ്' എന്നു വിളിച്ചു പറയും. അങ്ങനെ മുന്നറിയിപ്പു ലഭിച്ചിട്ടും അത് അശേഷം വകവെക്കാതെ മൂടിപ്പുതച്ചു കിടന്നുറങ്ങുന്നവരുടെ പ്രഭാതം എത്ര ദാരുണമായിരിക്കും! ശത്രുക്കളുടെ ആക്രമണത്തെക്കുറിച്ച് മുന്നറിയിപ്പു കേൾക്കുമ്പോൾ നിഷ്ക്രിയരായിരിക്കുക മാത്രമല്ല, അക്രമികൾ എത്രയും പെട്ടെന്ന് വന്നെത്തട്ടെ എന്നു ധൃതിപ്പെടുക കൂടി ചെയ്യുന്ന മൂഢന്മാരുടെ ഗതി അതിനേക്കാൾ ദാരുണമായിരിക്കും. അവരെപ്പോലുള്ള മൂഢന്മാരും അവിവേകികളുമാണ് ദൈവിക ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പു ലഭിക്കുമ്പോൾ അതുടനെ വരട്ടെ എന്ന് ആർത്തു വിളിക്കുന്നവർ.

178,179 സൂക്തങ്ങൾ 174,175 സൂക്തങ്ങളുടെ ആവർത്തനമാണ്.

വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. പദങ്ങൾ കൊണ്ട് ആവർത്തനമാണെങ്കിലും ആശയങ്ങളിൽ വ്യത്യാസമുണ്ടെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ആദ്യം പറഞ്ഞ അവഗണനയുടെയും നിരീക്ഷണത്തിന്റെയും കാലയളവ് ബദ്ർ യുദ്ധം, അല്ലെങ്കിൽ മക്കാ വിമോചനം വരെയാണ്. ഇവിടെ പറയുന്ന അവഗണനയുടെയും നിരീക്ഷണത്തിന്റെയും കാലയളവ് ഖിയാമം നാൾ വരെയാണ്. അതായത്, അല്ലാഹുവിനെയും അവന്റെ ദൂതനെയും അവരുടെ ധർമസൂക്തങ്ങളെയും തള്ളിക്കളഞ്ഞ് ശാഠ്യബുദ്ധിയോടെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടരുന്നവരുടെ നിലപാടിനെ അവഗണിക്കുകയാണ് സത്യപ്രബോധകർ ചെയ്യേണ്ടത്. നിഷേധികളുടെ ദുശ്ശാഠ്യം അവഗണിച്ചുകൊണ്ട് പ്രബോധകർ അവരുടെ മരണം വരെ അല്ലെങ്കിൽ ഖിയാമത്ത് നാൾ വരെ ദൗത്യനിർവഹണം തുടരണം. സത്യനിഷേധികളുടെ ഗതിവിഗതികൾ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. അപ്പോൾ അല്ലാഹുവിന്റെ കക്ഷിയെ അല്ലാഹു ഏതെല്ലാം രംഗങ്ങളിൽ, എങ്ങനെയെല്ലാം സഹായിക്കുന്നുവെന്നു മനസ്സിലാക്കാം. അതിവിദൂരമല്ലാത്ത ഭാവിയിൽ, മരണാനന്തരം അവരും തങ്ങൾ എന്താണ് നേടിയതെന്നും തങ്ങൾക്ക് എന്താണ് നഷ്ടപ്പെട്ടതെന്നും വ്യക്തമായി കാണാനിരിക്കുന്നു. ●

---

سُبۡحَٰنَ رَبِّكَ رَبِّ ٱلۡعِزَّةِ عَمَّا يَصِفُونَ ﴿١٨٠﴾

180. സർവപ്രതാപങ്ങൾക്കുടയവനായ നിന്റെനാഥൻ ഈ ജനം വർണിക്കുന്നതിനൊക്കെയും അതീതനായ പരമ പരിശുദ്ധനത്രെ.

وَسَلَٰمٌ عَلَى ٱلۡمُرۡسَلِينَ ﴿١٨١﴾

181. ദൈവദൂതന്മാർക്ക് സമാധാനം.

وَٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ﴿١٨٢﴾

182. സർവസ്തുതിയും സർവലോക വിധാതാവായ അല്ലാഹുവിനാകുന്നു.

**180-182**

سُبْحَانَ رَبِّكَ = നിന്റെ നാഥൻ പരമ പരിശുദ്ധനത്രെ
رَبِّ الْعِزَّةِ = (സർവ) പ്രതാപങ്ങൾക്കുടയവനായ
عَمَّا يَصِفُونَ = അവർ (ഈ ജനം) വിശേഷിപ്പിക്കുന്നതിൽനിന്ന് (വർണിക്കുന്നതിനൊക്കെയും അതീതനായ)
وَسَلَامٌ عَلَى الْمُرْسَلِينَ = ദൈവദൂതന്മാർക്കു സമാധാനം
وَالْحَمْدُ لِلَّهِ رَبِّ الْعَالَمِينَ = സർവസ്തുതിയും സർവലോക വിധാതാവായ അല്ലാഹുവിനാകുന്നു

അല്ലാഹുവിന്റെ വിശുദ്ധിയെ വാഴ്ത്തിക്കൊണ്ടും ദൈവദൂതന്മാർക്കും മലക്കുകൾക്കും മംഗളമാശംസിച്ചുകൊണ്ടും മുസ്ലിംകൾക്ക് സന്മാർഗദർശനം, ദൈവസഹായം, വിജയം തുടങ്ങിയ അനുഗ്രഹ സിദ്ധിക്ക് ഉതവിയരുളിയ അല്ലാഹുവിന് സർവസ്തുതിയും അർപ്പിച്ചുകൊണ്ടും സൂറ സമാപിക്കുകയാണ്. സർവപ്രതാപങ്ങൾക്കും ഉടമയും മൂഢജനം ആരോപിക്കുന്ന ക്ഷുദ്രഗുണങ്ങൾക്കെല്ലാം അതീതനുമായ വിധാതാവ് പരമപരിശുദ്ധനാകുന്നു. സൃഷ്ടികൾക്ക് അവനെ പരിചയപ്പെടുത്തുകയും അവനിലേക്കെത്താനുള്ള വഴി കാണിച്ചുതരികയും ചെയ്ത ദൈവദൂതന്മാർക്ക് നിത്യമായ സമാധാനം ഭവിക്കട്ടെ. സർവലോക വിധാതാവായ അല്ലാഹുവിന് സർവസ്തുതിയും.

സൂറയുടെ ഉള്ളടക്കത്തിന്റെ രത്നസാരമായ ഈ മൂന്നു കാര്യങ്ങൾ ഭൗതികവും പാരത്രികവുമായ ആത്മസംസ്കരണത്തിന്റെ അടിസ്ഥാന സ്തംഭങ്ങളാണ്. അല്ലാഹുവിനെ കുറിച്ചുള്ള ശരിയായ ജ്ഞാനം ആത്മാവിനെ ദുർമാർഗത്തിന്റെ പാതാളത്തിലേക്ക് നയിക്കുന്ന അവിദ്യകളിൽനിന്ന് മോചിപ്പിക്കുന്നു. അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം പൂർണമാകുന്നത് അവൻ ദിവ്യത്വത്തിന് ചേരാത്ത സകലമാന ന്യൂനതകൾക്കും പരിമിതികൾക്കും തികച്ചും അതീതനാണെന്നറിയുമ്പോഴാണ്. അതാണ് سُبْحَانَ رَبِّكَ എന്ന വാക്ക് സൂചിപ്പിക്കുന്നത്. رَبِّ الْعِزَّةِ എന്ന വിശേഷണം അവൻ സർവ സൽഗുണ സമ്പൂർണനാണെന്ന് കുറിക്കുന്നു. എല്ലാ സൽഗുണങ്ങളുടെയും സമുച്ചയമാണ് عِزَّة. തന്നിൽ തന്നെ എല്ലാം തികഞ്ഞ് പരാശ്രയാതീതനാവുകയാണ് റുബൂബിയ്യത്ത്. പലതരം അപൂർണതകളനുഭവിക്കുന്ന മനുഷ്യൻ എപ്പോഴും പൂർണതക്കു വേണ്ടി ദാഹിക്കുന്നു. ഭൗതികമായ കുറവുകൾ നികത്താൻ ഭൗതികമായ ഉപാധികളുണ്ട്. ആത്മീയമായ അപൂർണത നികത്താനുള്ള മാർഗം കാണിച്ചുതരാൻ അല്ലാഹു നിയോഗിച്ച ഗുരുവര്യന്മാരാണ് ദൈവദൂതന്മാരായ മനുഷ്യരും മലക്കുകളും. യഥാർഥ സന്മാർഗദർശകർ എന്ന നിലയിൽ ഏറ്റം ആദരണീയവും പ്രശംസനീയവുമാണ് അവരുടെ സേവനം. ഈവിധം പ്രപഞ്ചത്തെ സംവിധാനിച്ചു പരിപാലിച്ചുവരുന്ന അല്ലാഹുവാണ് സർവസ്തുതിയുടെയും മൗലികമായ അവകാശി.

ഇവിടെ عِزَّة-ഉം حمد-ഉം ال ചേർത്തു പറഞ്ഞത് എല്ലാ രംഗത്തുമുള്ള എല്ലാ തരത്തിലുമുള്ള പ്രതാപം, എല്ലാ രംഗത്തുമുള്ള എല്ലാ സ്തുതിയും എന്ന അർഥം ലഭിക്കാനാണ്.

ഈ മൂന്നു സൂക്തങ്ങൾ നബി(സ)യുടെ പതിവ് പ്രാർഥനാവചനങ്ങളിൽ പെട്ടതായിരുന്നുവെന്ന് സൂചിപ്പിക്കുന്ന കുറേ നിവേദനങ്ങളുണ്ട്. ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ത്വബറാനി ഉദ്ധരിക്കുന്നു: 'നബി(സ) നമസ്കാരം കഴിഞ്ഞ് പിരിഞ്ഞുപോകുന്നത് ഞങ്ങൾ മനസ്സിലാക്കിയിരുന്നത് അദ്ദേഹം سُبْحَانَ رَبِّكَ...... رَبِّ الْعَالَمِينَ എന്ന സൂക്തങ്ങൾ ഉരുവിടുന്നതിലൂടെയായിരുന്നു' അബൂസഈദ് പ്രസ്താവിച്ചതായി ഇബ്നു അബീശൈബ ഉദ്ധരിക്കുന്നത് തിരുമേനി നമസ്കാരത്തിൽനിന്ന് സലാം വീട്ടാൻ തുനിയുമ്പോൾ ഈ സൂക്തങ്ങൾ ഓതുമായിരുന്നു എന്നാണ്. നബി(സ) സലാം വീട്ടിയശേഷം ഈ സൂക്തങ്ങൾ ഓതുമായിരുന്നു എന്നാണ് അബൂസഈദിൽ ഖുദ്‌രിയിൽനിന്ന് അൽഖത്വീബ് ഉദ്ധരിക്കുന്നത്. നബി(സ) പ്രസ്താവിച്ചുവെന്ന് ശഅബി പറഞ്ഞതായി ഇബ്നു അബീഹാതിം ഉദ്ധരിക്കുന്നു: 'അളവുപാത്രം നിറച്ച് പ്രതിഫലം അളന്നു കിട്ടുന്നതിൽ സന്തോഷിക്കുന്നവൻ തന്റെ സഭയുടെ അന്ത്യത്തിൽ എഴുന്നേറ്റ് പോകാൻ തുടങ്ങുമ്പോൾ ഈ മൂന്നു സൂക്തങ്ങൾ ഓതിക്കൊള്ളട്ടെ.' ഈ സൂക്തങ്ങൾ മൂന്നുവട്ടം ഓതിക്കൊള്ളട്ടെ എന്നാണ് അലി(റ)യുടെ നിവേദനത്തിലുള്ളത്. ●